മുഹമ്മദ് പാലത്ത്

# വിദ്യാഭ്യാസം, വികസനം, ഇസ്‌ലാം

**ലോകമെങ്ങും** വികസനത്തെക്കുറിച്ച ചർച്ചകൾ സജീവമാണ്. എല്ലാ രാഷ്ട്രങ്ങളും സ്ഥാപനങ്ങളും വ്യക്തികളും വികസനം ലക്ഷ്യമായി സ്വീകരിക്കുകയും ആസൂത്രണവും പരിശ്രമവും ഈ മാർഗത്തിൽ നടത്തുകയും ചെയ്യുന്നു. മനുഷ്യ വിഭവശേഷി വികസനമാണ് ആസൂത്രണത്തിന്റെ അടിത്തറ. കാര്യക്ഷമവും വിദ്യാസമ്പന്നവുമായ മനുഷ്യവിഭവമാണ് വികസനത്തിന്റെ പ്രഭവകേന്ദ്രം. നാഗരികതകളുടെ വികാസം മനുഷ്യസമ്പത്തിന്റെ ഗുണമേന്മക്കനുസരിച്ചിരിക്കും. ഏതൊരു വ്യവസ്ഥാമാറ്റവും സാധ്യമാവാൻ ആദ്യമേ മനുഷ്യവിഭവശേഷിയെ അതിനനുസൃതമായി പരിശീലിപ്പിച്ചെടുക്കേണ്ടതുണ്ട്. ഇസ്‌ലാമിന് മനുഷ്യവിഭവശേഷി വികസനത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ട്. സമൂഹത്തിലും രാഷ്ട്രത്തിലും പരിവർത്തനത്തിനു വേണ്ടി പരിശ്രമിക്കുമ്പോൾ മനുഷ്യവിഭവശേഷി വികസനത്തിന് മുൻഗണന നൽകണം. വിദ്യാഭ്യാസ പരിശീലന പദ്ധതികൾ അതിനനുസൃതമായി പരിവർത്തിക്കുകയോ, പുതിയ പദ്ധതി ആവിഷ്കരിക്കുകയോ ചെയ്യണം.

മുതലാളിത്ത വികസന സങ്കൽപമാണ് ഇന്ന് ലോകത്ത് മിക്ക പ്രദേശങ്ങളിലും നിലനിൽക്കുന്നത്. അതിനനുസൃതമായ രീതിയിലാണ് വിദ്യാഭ്യാസ മേഖലയിൽ അവർ ഇടപെടുന്നത്. മറ്റു ഉൽപാദന ഘടകങ്ങളെ പോലെ കമ്പോളത്തിലെ അസംസ്കൃതവസ്തു എന്ന രീതിയിലാണ് മനുഷ്യവിഭവശേഷിയോടും മുതലാളിത്തത്തിന്റെ സമീപനം. നാവടക്കി പണിയെടുക്കുന്ന, പ്രതികരണശേഷിയോ ചിന്താശേഷിയോ ഇല്ലാത്ത ഷണ്ഡീകരിക്കപ്പെട്ട തലമുറയെ വളർത്തിയെടുക്കാൻ വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിൽ വൻമാറ്റങ്ങളാണ് മുതലാളിത്തം വരുത്തിയത്. ലോകത്ത് മുതലാളിത്ത വ്യവസ്ഥ വ്യാപകമാവുന്നതിനു മുമ്പ് നമ്മുടെ വിദ്യാഭ്യാസരീതി മാനുഷിക വിഭവശേഷിയെ സൃഷ്ടിക്കുന്നതോടൊപ്പം ധാർമിക ബോധവും സാമൂഹിക പ്രതിബദ്ധതയും ഉൽപാദനക്ഷമതയുമുള്ള തലമുറയെ സൃഷ്ടിക്കൽ മുഖ്യലക്ഷ്യമായി കണ്ടിരുന്നു. ഇസ്‌ലാമിക മതപാഠശാലകളും വൈജ്ഞാനിക കേന്ദ്രങ്ങളും ലോകത്തിന് സംഭാവന നൽകിയത് കേവലം മതവിഷയങ്ങൾ അറിയുന്ന പണ്ഡിതരെ മാത്രമായിരുന്നില്ല, പ്രഗത്ഭ ചിന്തകരെയും ഭിഷഗ്വരന്മാരെയും സാമ്പത്തിക വിദഗ്ധരെയും കൂടിയായിരുന്നു. ആധുനിക നാഗരികതയുടെ വികാസത്തിൽ ഇവരുടെ പങ്ക് നിസ്തുലമാണ്. ഏത് മാനദണ്ഡങ്ങൾ വെച്ചളന്നാലും അന്നത്തെ മനുഷ്യവിഭവശേഷി ഉയർന്നുനിൽക്കുന്നതായി കാണാം. കാര്യക്ഷമതയും വൈദഗ്ധ്യവും അതോടൊപ്പം മൂല്യബോധവുമുള്ള തലമുറയെ സൃഷ്ടിക്കാനാണ് വിദ്യാഭ്യാസ പരിശീലന രീതി ലക്ഷ്യം വെച്ചിരുന്നത്.

മുതലാളിത്ത കടന്നുകയറ്റം വിദ്യാഭ്യാസസങ്കൽപംതന്നെ മാറ്റിമറിച്ചു. തങ്ങളുടെ ഉൽപാദനശാലകളിൽ ബുദ്ധിയും അധ്വാനവും സമയവും ചെലവഴിക്കാൻ കഴിവും യോഗ്യതയുമുള്ള തലമുറയാണ് വിദ്യാഭ്യാസത്തിന്റെ ഉൽപന്നമാവേണ്ടത് എന്നവർ തീരുമാനിച്ചു. 1835-ലെ മെക്കാളെയുടെ വിദ്യാഭ്യാസ നയങ്ങൾ വിരൽചൂണ്ടുന്നത് രണ്ട് നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഈ അജണ്ട അവർ നിർണയിച്ചിരുന്നു എന്നാണ്. ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടുകൊണ്ടിരുന്ന ബ്രിട്ടീഷ് ഭരണകൂടത്തിന് അടിമപ്പണി ചെയ്യാൻ ഇംഗ്ലീഷും ഗണിതവുമറിയുന്ന കേവലം ക്ലാർക്കുമാരെ സൃഷ്ടിക്കാനുതകുന്ന വിദ്യാഭ്യാസമാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയത്. സമൂഹത്തിലെ സമ്പന്നരും സവർണരും ബ്രിട്ടീഷ് വിദ്യാഭ്യാസം നേടുകയും സർക്കാർ ജോലികൾ സ്വീകരിക്കുകയും ചെയ്തുവന്നു. ക്രമേണ വിദ്യാഭ്യാസം സർക്കാർജോലി ലഭിക്കാനുള്ള വഴിയാണ് എന്ന സങ്കൽപമാണ് വിദ്യാഭ്യാസത്തെക്കുറിച്ച് സാധാരണ ജനങ്ങളിൽ വളർന്നത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിദ്യാഭ്യാസ ചിന്തകനായിരുന്ന ഡോ. എസ് രാധാകൃഷ്ണന്റെയും പ്രഥമ വിദ്യാഭ്യാസ മന്ത്രി മൗലാനാ അബുൽകലാം ആസാദിന്റെയുമൊക്കെ നേതൃത്വത്തിൽ വിദ്യാഭ്യാസരംഗത്ത് വൻ അഴിച്ചുപണിക്കുള്ള നീക്കങ്ങളുണ്ടായി. വിദ്യാഭ്യാസം സാർവത്രികമാക്കാനുള്ള ശ്രമങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. ധാരാളം സർവകലാശാലകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജുകൾ, സ്കൂളുകൾ തുടങ്ങിയവ സ്ഥാപിക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ രാഷ്ട്രപുനർനിർമാണത്തിന് കാര്യക്ഷമതയും സാങ്കേതിക ജ്ഞാനവുമുള്ള മാനുഷിക വിഭവവളർച്ച എന്നതായിരുന്നു ലക്ഷ്യം. സ്വയംപര്യാപ്തവും ത്വരിതഗതിയിലുമുള്ള രാഷ്ട്രവളർച്ച കൈവരിക്കാൻ ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, ഡോക്ടർമാർ, സംരംഭകർ, വ്യവസായികൾ തുടങ്ങി നാനാ മേഖലകളിലേക്കുമാവശ്യമായ വിഭവശേഷി ഇവിടെനിന്നു തന്നെ വളർത്തിയെടുക്കേണ്ടതുണ്ടായിരുന്നു. അതേസമയം വിദ്യാഭ്യാസപ്രക്രിയയുടെ പൊതുലക്ഷ്യം നല്ല തലമുറയെ വാർത്തെടുക്കുക എന്നതായും നിർണയിക്കപ്പെട്ടു. പാഠ്യപദ്ധതിയിൽ ബുദ്ധിപരമായ വളർച്ച, മൂല്യബോധം, കാര്യശേഷി, സാമൂഹിക ബോധം, പരക്ഷേമതൽപരത തുടങ്ങിയ നല്ല ഗുണങ്ങളും സംസ്കാരവും വളർത്തുന്നതിനുതകുന്ന ഭാഗങ്ങൾകൂടി ഉൾക്കൊള്ളിച്ചിരുന്നു.

എന്നാൽ ആഗോളീകരണ കാലഘട്ടത്തിൽ നാം വളർത്തിയെടുത്ത വിദ്യാഭ്യാസരീതിയും മാറുകയാണ്. മുതലാളിത്ത സാമ്പത്തിക നയങ്ങളും വിക

സന സങ്കൽപവും അതിനനുസൃതമായി വളർന്നുകൊണ്ടിരിക്കുന്ന കമ്പോള സംസ്കാരവും വിദ്യാഭ്യാസ നയങ്ങളെയും സ്വാധീനിച്ചിരിക്കുന്നു; എന്നല്ല വിദ്യാഭ്യാസംതന്നെ കമ്പോളത്തിൽ വിൽക്കാനുള്ള ചരക്കായി മാറിയിരിക്കുന്നു. ഈ മാറ്റം ഏതു രീതിയിലൊക്കയാണെന്നറിയാൻ ഒരു ഉദാഹരണം മാത്രമെടുക്കാം: മുമ്പ് നമ്മുടെ വിദ്യാർഥികൾ ഇംഗ്ലീഷ് ഭാഷ പഠിച്ചത് ലേഖനങ്ങളും കവിതയും നാടകങ്ങളുമൊക്കെ വഴിയായിരുന്നു. ഭാഷ പഠിക്കുന്നതോടൊപ്പം സാമൂഹിക പ്രതിബദ്ധത, മൂല്യബോധം തുടങ്ങിയവ വളർത്താൻ അവക്ക് ഒരു പരിധിവരെ സാധിച്ചിരുന്നു. എന്നാൽ പുതിയ തലമുറ പഠിക്കുന്നത് കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് മാത്രമാണ്. സംസാരിക്കാനറിഞ്ഞാൽ മതി എന്നാണ് വെപ്പ്. സാംസ്കാരികമായും സാമ്പത്തികമായും കീഴടക്കിക്കൊണ്ടിരിക്കുന്ന കമ്പോളത്തിൽ തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാനും ഓഫീസുകളിൽ ക്ലാർക്കുപണി ചെയ്യാനും മാത്രം കഴിയുന്ന ചിന്താശേഷി അശേഷമില്ലാത്ത, സാമൂഹികബോധം തൊട്ടുതീണ്ടാത്ത, തങ്ങളിലേക്ക് ഉൾവലിയുന്ന സ്വാർഥരായ, ആർത്തിയും ദുരയും മാത്രം കൈമുതലായുള്ള തലമുറയെയാണ് ഈ വിദ്യാഭ്യാസരീതി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. അൽപമെങ്കിലും മൂല്യബോധമുണ്ടാക്കുന്ന പാഠഭാഗങ്ങൾ നീക്കം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനു പകരം ലൈംഗിക അരാജകത്വവും സദാചാരലംഘനവും സൃഷ്ടിക്കുന്ന ലൈംഗിക വിദ്യാഭ്യാസവും മറ്റും നടപ്പിലാക്കാനും ശ്രമം നടക്കുന്നു. നാം പഠിപ്പിക്കുന്നതും നമ്മുടെ കുട്ടികൾ പഠിക്കുന്നതും കൂടുതൽ പണം കായ്ക്കുന്ന മരങ്ങളാവാനാണ്. വിദ്യാഭ്യാസത്തോടുള്ള നമ്മുടെ സമീപനം മാറ്റാതെ ഇതിനോടുള്ള ഒരു പ്രതിഷേധവും അർഥവത്തല്ല.

ഹയർസെക്കന്ററി തലത്തിൽ നടപ്പാക്കാൻ നിർദേശിച്ച പരിഷ്കാരമനുസരിച്ച് ഏതെങ്കിലും ഒരു ഭാഷ പഠിച്ചാൽ മതിയത്രെ. ഏതെങ്കിലുമൊരു ഭാഷ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയാൽ ഇംഗ്ലീഷേ തെരഞ്ഞെടുക്കൂ. വെറുതെയെന്തിനാ മലയാളവും അറബിയുമൊക്കെ പഠിച്ച് സമയവും കാശും കളയുന്നത് എന്നാണ് ഇതിലൊളിഞ്ഞിരിക്കുന്ന ചോദ്യം. ആശയവിനിമയത്തിന് ഒരു ഭാഷ പോരേ, പ്രത്യേകിച്ചും ലോകഭാഷയായ ഇംഗ്ലീഷാവുമ്പോൾ? അതോടെ ആഗോളീകരണത്തിന്റെ പ്രധാന അജണ്ട യാഥാർഥ്യമാവും; എല്ലാവർക്കും ഒരേ ഭാഷ, ഒരേ സംസ്കാരം- പാശ്ചാത്യരുടെ ഭാഷയും സംസ്കാരവും. ഇതാണ് വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ആകത്തുക.

### ഇസ്‌ലാമിന്റെ വികസന സങ്കൽപം

വ്യത്യസ്തമായ വികസന സങ്കൽപവും സംസ്കാരവും കൈമുതലായുള്ള ഇസ്‌ലാമിക സമൂഹം നാം ലക്ഷ്യംവെക്കുന്ന രീതിയിലുള്ള സാമൂഹികമാറ്റം സാധ്യമാക്കുന്നതിന് തനതായ വിദ്യാഭ്യാസ സങ്കൽപവും അജണ്ടയും നിർണയിക്കേണ്ടതുണ്ട്. മനുഷ്യവിഭവശേഷി വികസനത്തിന് ഇസ്‌ലാം ഏറെ ഊന്നൽ നൽകുന്നുണ്ട്. വികസനമെന്നാൽ മനുഷ്യർക്കുവേണ്ടി മനുഷ്യരാൽ സൃഷ്ടിക്കപ്പെടുന്ന മുന്നേറ്റമാണ്. വികസനത്തിന് മറ്റു വിഭവങ്ങളേക്കാൾ ഏറെ പ്രധാനം മാനുഷിക വിഭവമാണ്. കാര്യക്ഷമത, മൂല്യബോധം, സാമൂഹികപ്രതിബദ്ധത എന്നിവ ഒരുമിച്ചുചേർന്നാലേ നല്ല മനുഷ്യ വിഭവശേഷി യാഥാർഥ്യമാവൂ എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. ഇതിലേതെങ്കിലുമൊന്നിന്റെ അഭാവം വികസനത്തെ വൈകല്യമുള്ളതാക്കും. മുതലാളിത്ത വികസനരീതിയുടെയും സംസ്കാരത്തിന്റെയും വൈകല്യത്തിനു കാരണം മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയുമില്ലാത്ത മനുഷ്യരാണ് അത് പടുത്തുയർത്തുന്നത് എന്നതാണ്.

മനുഷ്യവിഭവശേഷി രണ്ടു വിധത്തിലാണ് ഉൽപാദനത്തിന് വിനിയോഗിക്കപ്പെടുക: സംരംഭകത്വവും തൊഴിലും. ഉൽപാദനഘടകങ്ങളെ സംഘടിപ്പിച്ച് ഉൽപാദന പ്രക്രിയ ആസൂത്രണം ചെയ്യുകയും നേതൃത്വം നൽകുകയുമാണ് സംരംഭകന്റെ ധർമം. പുതിയ രീതികളുടെ വികസനം, ഗവേഷണം, മാർക്കറ്റിംഗ്, സാങ്കേതികവിദ്യ വളർത്തൽ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. ഉൽപാദനത്തിൽ ഉപയോഗിക്കപ്പെടുന്ന ബൗദ്ധികമോ കായികമോ ആയ എല്ലാ പ്രവർത്തനങ്ങളും തൊഴിലാണ്. തൊഴിലും സംഘാടകനും ചേർന്നാണ് ഉൽപാദനപ്രവർത്തനം പൂർത്തിയാക്കുന്നത്. രണ്ടു വിധത്തിലുള്ള വിഭവവികസനത്തിനും ഇസ്‌ലാം പ്രോത്സാഹനം നൽകുന്നു. അതതു രംഗങ്ങളിലുള്ള അറിവിനോടൊപ്പം ധാർമികബോധവും കായികശേഷിയുമുള്ള മനുഷ്യശക്തിയാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നത്.

അതതു രംഗങ്ങളിലുള്ള അറിവിന് (Professional Skill) വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, പ്രവൃത്തിപരിചയം എന്നിവ ആവശ്യമാണ്. ധാർമിക വളർച്ചക്ക് അറിവാണ് ആവശ്യം. ഇസ്‌ലാം അറിവിനും വിദ്യാഭ്യാസത്തിനും മുന്തിയ പരിഗണന നൽകുന്നു. സ്ത്രീയായാലും പുരുഷനായാലും അറിവ് നേടൽ ഓരോ മുസ്‌ലിമിനും നിർബന്ധബാധ്യതയാണെന്ന ഹദീസ് (ഇബ്നുമാജ) ശ്രദ്ധേയമാണ്. അറിവിനെ മതപരമെന്നോ ഭൗതികമെന്നോ ഇസ്‌ലാം വിഭജിക്കുന്നില്ല. അത് മുതലാളിത്ത മനസ്സ് വളർത്തിയ സങ്കൽപമാണ്. 'നിങ്ങൾ നമസ്കാരത്തിൽനിന്ന് വിരമിച്ചാൽ ഭൂമിയിൽ വ്യാപിക്കുക, അല്ലാഹുവിന്റെ അനുഗ്രഹത്തെ തേടുക' എന്ന ഖുർആൻ വചനം(62:10) ഇതിലേക്ക് വിരൽചൂണ്ടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്തെ തേടണമെങ്കിൽ അതിനുള്ള അറിവ് സ്വായത്തമാക്കണം.

അല്ലാഹു പ്രപഞ്ചത്തിന്റെയും ജീവജാലങ്ങളുടെയും സൃഷ്ടിപ്പിന്റെ രഹസ്യങ്ങളിലേക്കും പലയിടത്തായി മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുന്നതും അറിവുനേടാനുള്ള ക്ഷണമാണ്, 'നിർജീവമായ ഭൂമിയെ നാം ജീവിപ്പിച്ചു; അതിൽനിന്ന് നിങ്ങൾക്ക് ഭക്ഷിപ്പാനായി ധാന്യങ്ങൾ ഉൽപാദിപ്പിക്കാൻ' (ഖുർആൻ 36:33), 'അതിൽനിന്നും ധാന്യവിളകളും ഒലീവും ഈത്തപ്പനയും മുന്തിരികളും അവൻ മുളപ്പിച്ചു. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്' (16:11) തുടങ്ങിയ സൂക്തങ്ങൾ സസ്യശാസ്ത്രത്തെക്കുറിച്ച് പഠിക്കാനുള്ള ഖുർആന്റെ ക്ഷണമാണ്. 'രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നു, നക്ഷത്രങ്ങളും അങ്ങനെത്തന്നെ. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്' (16:12) തുടങ്ങിയ സൂക്തങ്ങൾ വാനശാസ്ത്ര പഠനത്തിനും 'ഒട്ടകത്തിലേക്ക് അവർ നോക്കുന്നില്ലേ; അതെങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന്' (88:17) തുടങ്ങിയ സൂക്തങ്ങൾ ജന്തുശാസ്ത്ര പഠനത്തിനുമുള്ള ഖുർആന്റെ ആഹ്വാനമാണ്. സാമൂഹികശാസ്ത്ര വിഷയങ്ങളിലെ പഠനത്തിന് ക്ഷണിക്കുന്ന വചനങ്ങളും ഖുർആനിൽ ധാരാളമായി കാണാൻ കഴിയുന്നു. 'ഭൂമിയിലേക്ക് നോക്കുന്നില്ലേ; അതെങ്ങനെ പരത്തപ്പെട്ടിരിക്കുന്നു എന്ന്' (88:20) 'ഭൂമിയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തേടുക' (62:10) 'സമ്പത്ത് നിങ്ങളിലെ സമ്പന്നരിൽ മാത്രം കറങ്ങാതിരിക്കാൻ' (59:7) തുടങ്ങിയ വചനങ്ങൾ ഭൂമിശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും വാണിജ്യശാസ്ത്രവുമൊക്കെ പഠിക്കാനുള്ള ആഹ്വാനമാണ്.

ചിന്താശേഷിയെ തട്ടിയുണർത്തി പ്രചോദിപ്പിച്ച് അറിവുനേടാനും ഗവേഷണത്തിനും പ്രോത്സാഹിപ്പിക്കുന്ന ഖുർആൻ 'അറിവുള്ളവനും അറിവില്ലാത്തവനും സമമാവുമോ' (39:9) എന്ന ചോദ്യവും പിന്നാലെ ഉന്നയിക്കുന്നു. അറിവുള്ളവൻ അല്ലാഹുവിനെ ഭയപ്പെടുന്നതിലും അനുസരിക്കുന്നതിലും മുന്നി

ലായിരിക്കും എന്നത് ഈ ചോദ്യത്തിനുള്ള ഖുർആന്റെ തന്നെ ഉത്തരമാണ്. നിരക്ഷരന്നും സാക്ഷരന്നും വികസനപ്രക്രിയയിൽ ഒരേ പങ്കല്ല വഹിക്കാനുള്ളത്; ആധുനിക കാലഘട്ടത്തിൽ വിശേഷിച്ചും. എല്ലാ ഭൗതിക വിഷയങ്ങളിലുമുള്ള അറിവിനോടൊപ്പം അതിനെ സ്രഷ്ടാവുമായി ബന്ധിപ്പിക്കാൻ സൃഷ്ടിപ്പിലും ദൃഷ്ടാന്തങ്ങളിലുമുള്ള അറിവുകൂടി സ്വായത്തമാക്കണം. ഈ അറിവാണ് അല്ലാഹുവിനെ ഭയപ്പെടാനും ഇബാദത്തുകൾ അനുഷ്ഠിക്കാനും പ്രേരിപ്പിക്കുന്നത്. 'അറിവുള്ളവരാണ് അല്ലാഹുവിനെ യഥാർഥത്തിൽ ഭയപ്പെടുന്നത്' എന്ന ഖുർആൻ വാക്യം (35:28) ശ്രദ്ധേയമാണ്. അറിവുനേടാനുള്ള മാർഗം വിദ്യാഭ്യാസമാണ്. ഖുർആൻ അവതരണം ആരംഭിച്ചതുതന്നെ സൃഷ്ടിച്ച നാഥന്റെ നാമത്തിൽ വായിക്കാൻ (96:1) ആഹ്വാനം ചെയ്തുകൊണ്ടാണല്ലോ.

വിദ്യാഭ്യാസം ധാർമികജ്ഞാനവും തൊഴിൽവൈദഗ്ധ്യവും കൂടിച്ചേർന്നതാണ്. ഒരു വിശ്വാസി തൊഴിൽ ചെയ്യുന്നതിലും വൈദഗ്ധ്യത്തിലും ഏറ്റവും കാര്യക്ഷമത പ്രകടിപ്പിക്കണം. രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക ജീവിതത്തിലും തന്റെ ദൗത്യം പൂർത്തീകരിക്കാൻ വിശ്വാസി ബാധ്യസ്ഥനാണ്. ഇസ്‌ലാമിന്റെ കാഴ്ചപ്പാടിലുള്ള സമഗ്ര വിദ്യാഭ്യാസമേ അവനെ അതിന് പ്രാപ്തനാക്കൂ. ശാരീരികശേഷി കൈവരിക്കേണ്ടതും കാര്യക്ഷമതയുള്ള മനുഷ്യവിഭവശേഷിക്ക് അനിവാര്യമാണ്. ഇത് കൈവരിക്കാനും ഖുർആൻ കൽപിക്കുന്നു. 'നിങ്ങൾ തിന്നുക, കുടിക്കുക; അതിരുകവിയരുത്' (7:31) എന്ന സൂക്തം ആധുനിക മനുഷ്യന്റെ സംസ്കാരം രോഗാതുരമായത് എന്തുകൊണ്ട് എന്നതിലേക്ക് സൂചന നൽകുന്നു. വ്യക്തിശുചിത്വം, വസ്ത്രം, ഭക്ഷണം, പാർപ്പിടം, പരിസ്ഥിതി തുടങ്ങിയവയുടെ പൂർത്തീകരണം ഈമാന്റെ ഭാഗമാണെന്നാണ് ഇസ്‌ലാമിന്റെ വീക്ഷണം.

### മുതൽക്കൂട്ടാവുന്ന മനുഷ്യവിഭവം

നല്ല ആരോഗ്യം ഉൽപാദനരംഗത്ത് പ്രവർത്തിക്കാനുള്ള കായികശേഷി പ്രദാനം ചെയ്യുന്നു. തൊഴിൽപരമായ അറിവ് സാങ്കേതികജ്ഞാനവും കാര്യക്ഷമതയും സാധ്യമാക്കും. ധാർമികത ഉത്തരവാദിത്വങ്ങൾ സത്യസന്ധമായും അർപ്പണമനോഭാവത്തോടെയും പൂർത്തിയാക്കാൻ സഹായിക്കുന്നു. ഈ മൂന്നു ഘടകങ്ങളും മനുഷ്യവിഭവശേഷിക്ക് അനിവാര്യമാണ്. ഇത്തരം മനുഷ്യവിഭവമാണ് വികസന പാതയിൽ മുതൽക്കൂട്ടാവുന്നതും വികസനത്തിന്റെ വേഗത സാധ്യമാക്കുന്നതും. ഇങ്ങനെയൊരു സമഗ്ര കാഴ്ചപ്പാട് മനുഷ്യനിർമിത വ്യവസ്ഥകൾക്കില്ല എന്നതാണ് വികസനപാതയിൽ അവ നേരിടുന്ന വെല്ലുവിളി.

മനുഷ്യവിഭവശേഷി സൃഷ്ടിക്കപ്പെട്ടാൽ അത് പരമാവധി വിനിയോഗിക്കാനുള്ള പ്രോത്സാഹനവും പ്രചോദനവും ഇസ്‌ലാം നൽകുന്നു. അനുവദനീയമായ ജീവിതമാർഗം തേടുന്നത് മതപരമായ ഉത്തരവാദിത്വമായി ഇസ്‌ലാം കാണുന്നു. 'സ്വന്തം കൈകൊണ്ട് അധ്വാനിച്ചതാണ് ഏറ്റവും ഉത്തമമായ ജീവിതവിഭവം' (നസാഈ). എല്ലാ പ്രവാചകന്മാരും സ്വന്തം ജീവിതായോധനത്തിന് അധ്വാനിച്ചവരായിരുന്നു. ഒരാൾക്ക് ജീവിതവിഭവങ്ങൾ അധ്വാനിച്ചു കണ്ടെത്താനും സൗജന്യമായി ലഭിക്കാനും അവസരമുണ്ടെങ്കിൽ ഒന്നാമത്തെ മാർഗമാണ് തെരഞ്ഞെടുക്കേണ്ടത്. 'കൊടുക്കുന്ന കൈകളാണ് സ്വീകരിക്കുന്ന കൈകളേക്കാൾ ഉത്തമം' (ബുഖാരി).

ഇങ്ങനെ ഇസ്‌ലാം മാനുഷികവിഭവ വികസനത്തിന് ഭൗതികവും ആത്മീയവുമായ പ്രോത്സാഹനം നൽകുന്നു. മൂല്യബോധമുള്ള വിഭവശേഷി ലഭ്യമാക്കാനുള്ള പ്രോത്സാഹനമാണിത്. സംരംഭകത്വ വികസനത്തിനാണ് ഇസ്‌ലാമിന്റെ ഊന്നൽ. ഭൂമിയിൽ അനുഗ്രഹങ്ങൾ തേടുക എന്ന പൊതു കൽപന സംരംഭകത്വത്തെ ഉദ്ദേശിച്ചാണ്. ഗവേഷണം നടത്തി പുതിയ ഉൽപന്നങ്ങളും ഉൽപാദന രീതിയും കണ്ടെത്താനാണ് ഈ കൽപന. ചില പ്രത്യേക മേഖലയിലുള്ള സംരംഭകത്വ വികസനത്തിനും പ്രാധാന്യം നൽകുന്നുണ്ട് ഇസ്‌ലാം. 'സത്യസന്ധനായ കച്ചവടക്കാരൻ അന്ത്യനാളിൽ പ്രവാചകന്മാർ, സിദ്ദീഖുകൾ, ശുഹദാക്കൾ എന്നിവരുടെ കൂടെയായിരിക്കും' (തിർമിദി) എന്ന ഹദീസ് ഇതിലേക്കാണ് സൂചനനൽകുന്നത്.

സംരംഭകന്റെ ചാലകശക്തി ലാഭേഛയാണ് എന്നതാണ് മുതലാളിത്ത കാഴ്ചപ്പാട്. മനുഷ്യന്റെ പ്രകൃതിപരമായ ഈ അഭിവാഞ്ഛയെ ഇസ്‌ലാം തടയുന്നില്ല. അതിന് പ്രോത്സാഹനം നൽകിയതോടൊപ്പം ധാർമികതയുടെ മൂശയിൽ അതിരുകൾ നിർണയിക്കുകയാണ് ഇസ്‌ലാം ചെയ്തത്. മാത്രമല്ല, സാമ്പത്തിക നഷ്ടത്തിൽനിന്ന് സംരംഭകനെ രക്ഷിക്കുന്ന നിയമങ്ങളും ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിലുണ്ട്. ഉദാഹരണമായി 'മുദാറബ' കച്ചവടത്തിൽ വ്യാപാരത്തിൽ നഷ്ടം വന്നാൽ മുതൽമുടക്കുന്നവരാണ് അത് സഹിക്കേണ്ടിവരിക. ഏതു പുതിയ ഉൽപാദന മേഖലയും തെരഞ്ഞെടുക്കാൻ ഇത് പ്രചോദനം നൽകുന്നു.

സാമ്പത്തിക വികസനത്തോടൊപ്പം സാമൂഹിക വികാസവും സാധ്യമാവണം. സഹകരണം, പരസ്നേഹം, സാഹോദര്യം തുടങ്ങിയ നന്മകൾ നിലനിൽക്കുന്ന സമൂഹ സൃഷ്ടിയാണ് ഇസ്‌ലാമിന്റെ ലക്ഷ്യം. വ്യക്തികളുടെ സേവന സന്നദ്ധതയും നേതൃത്വവും ഇതിന് അനിവാര്യമാണ്. ഈ മാർഗത്തിൽ പണവും സേവനവും ചെലവഴിക്കാൻ ഇസ്‌ലാം കൽപിക്കുന്നു. ജോലിചെയ്ത് സുഖസമ്പന്നതയോടെ ജീവിക്കുകയും സമൂഹത്തെ അവഗണിക്കുകയും ചെയ്യുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. 'അയൽക്കാരൻ പട്ടിണികിടക്കെ വയറുനിറയെ ഉണ്ണുന്നവൻ മുസ്‌ലിമല്ല' (ബൈഹഖി), 'ലോകത്തുള്ളവരോട് കരുണകാണിക്കുക, അല്ലാഹു നിങ്ങളോട് കരുണ കാണിക്കും' (തിർമിദി), 'നിന്റെ സഹോദരനെ സ്നേഹിക്കുക, അല്ലാഹു നിന്നെയും സഹായിക്കും' (ഇബ്നുമാജ) തുടങ്ങിയ പ്രവാചക വചനങ്ങൾ ഈ വസ്തുതക്ക് അടിവരയിടുന്നു. 'ഇസ്‌ലാമിക സമൂഹം ഒരു ശരീരം പോലെയാണ്; ഒരാൾക്ക് വേദനിച്ചാൽ മുഴുവൻ ശരീരവും അതിൽ പങ്കാളിയാവുന്നതുപോലെ' (ബുഖാരി). സ്വാർഥതയിലധിഷ്ഠിതമായ ഭൗതിക വികസന സങ്കൽപത്തിന് കടകവിരുദ്ധമാണ് ഇസ്‌ലാമിന്റെ സങ്കൽപം. വികസനം യഥാർഥത്തിൽ സാധ്യമാവുന്നത് സമൂഹത്തിൽ സാഹോദര്യവും നീതിയും കൂടി യാഥാർഥ്യമാവുമ്പോഴാണെന്ന് ഇസ്‌ലാം നിർവചിക്കുന്നു. അതിനായി പണിയെടുക്കൽ നിർബന്ധബാധ്യതയുമാക്കി. 'അടിച്ചമർത്തപ്പെട്ടവരും ദുർബലരുമായ സ്ത്രീകളുടെയും കുട്ടികളുടെയും മോചനത്തിനായി എന്തുകൊണ്ട് സമരം ചെയ്യുന്നില്ല' (4:75) എന്ന ഖുർആന്റെ ചോദ്യവും ഇവിടെ പ്രസക്തമാണ്.

ഇസ്‌ലാം വിദ്യാഭ്യാസവും അറിവും പ്രോത്സാഹിപ്പിച്ചത് ഉൽപാദനശാലകളിൽ അടിമപ്പണി ചെയ്യുന്ന മനുഷ്യയന്ത്രങ്ങളെ സൃഷ്ടിക്കാനല്ല, കാര്യക്ഷമതയും വൈദഗ്ധ്യവും ധാർമികതയുമൊത്തിണങ്ങിയ സാമൂഹിക പ്രതിബദ്ധതയുള്ള മനുഷ്യവിഭവശേഷി വളർത്തിയെടുക്കാനാണ്. അത്തരമൊരു തലമുറക്കാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാടിലുള്ള വിപ്ലവം യാഥാർഥ്യമാക്കാൻ കഴിയുക. ■